പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 624 28.02. 2017 ൽ മറുപടിക്ക്

**കെ എസ് ഇ ബി. യിൽ ജീവനക്കാരുടെ സ്ഥലമാറ്റം**

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ് ഇ ബി. യിൽ ജീവനക്കാരുടെ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട ആശങ്ക പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (എ) കെ.എസ്.ഇ.ബി ജീവനക്കാരുടെ സ്ഥലംമാറ്റം കുറ്റമറ്റതാക്കുവാൻ ഫലപ്രദമായ ഗൈഡ് ലൈൻസ് രൂപീകരിക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. ഇതുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള ആശങ്കകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിലേയ്ക്കായി ബോർഡിലെ അംഗീകൃത യൂണിയനുകളുമായി വിശദമായ ചർച്ചകൾ നടത്തുകയും, ജീവനക്കാരിൽ നിന്നും ഓൺലൈനിൽ നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ടുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം അംഗീകൃത സംഘടനയിൽപ്പെട്ടവർക്ക് ലഭിക്കുന്ന സംരക്ഷണം കെ. എസ്. ഇ. ബി. യിൽ ബാധകമാണോ ; | (ബി) അംഗീകൃത സംഘടനകളുടെ ഭാരവാഹികൾക്കായി പരമാവധി 100 വരെ പേർക്ക് സ്ഥലംമാറ്റത്തിൽ നിന്നും സംരക്ഷണം നൽകാൻ വ്യവസ്ഥയുണ്ട്. റഫറണ്ടത്തിൽ യൂണിയനുകൾക്ക് ലഭിച്ച പ്രാതിനിധ്യത്തിന്റെ അനുപാതത്തിൽ ഇത് വിഭജിക്കപ്പെടുന്നതാണ്. |
| (സി) സീനിയർ അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കുന്ന കരാറുകാരുടെ എണ്ണം എത്രയെന്ന് സെക്ഷൻ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ ; | (സി) കരാർ അടിസ്ഥാനത്തിൽ സീനിയർ അസിസ്റ്റന്റുമാരെ നിയമിക്കാറില്ല. |
| (ഡി) ഓഫീസ് തസ്തികയിലുള്ള ജീവനക്കാർക്ക് സ്ഥലംമാറ്റ സംരക്ഷണത്തിന് അർഹത ഉണ്ടോ ; | (ഡി) ഉണ്ട് |
| (ഇ) പി. ഡി. എ. മെഷീൻ സംവിധാനം എത്ര സെക്ഷൻ ഓഫീസിൽ തുടങ്ങി എന്ന വിവരം വ്യക്തമാക്കാമോ ? | (ഇ) പി.ഡി.എ മെഷീൻ സംവിധാനം 763 സെക്ഷൻ ഓഫിസിൽ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ